(ബി) പ്രസ്തുത റിപ്പോർട്ടിലെ അദ്ധ്യായം 7-ൽ നിർദ്ദേശിച്ചിട്ടുള്ള എല്ലാ ശുപാർശകളും നടപ്പിൽ വരുത്തിയിട്ടുണ്ട്.

തെങ്ങിൽനിന്നും വീണു മരണപ്പെട്ടവർക്കു ധനസഹായം

328 [410] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86, 1986-87 സാമ്പത്തിക വർഷത്തിൽ കോഴിക്കോടു ജില്ലയിൽ എത്ര പേർ തെങ്ങിൽനിന്നും വീണു മരണമടഞ്ഞവരുടെ പേരിൽ സാമ്പത്തിക സഹായത്തിനപേക്ഷിച്ചിട്ടുണ്ട് ;

(ബി) ഇതിൽ എത്ര അപേക്ഷകർക്കു സാമ്പത്തികസഹായം അനുവദിച്ചിട്ടുണ്ടെന്നു വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 1985-86 59 പേർ.
1986-87 34 പേർ
(ഓഗസ്റ്റ് 31 വരെ)

(ബി) 1985-86-ൽ 20 പേർക്കും 1986-87-ൽ 10 പേർക്കും (ഓഗസ്റ്റു 31 വരെ) സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്.

ഐ. ടി. ഐ. കളും ഐ. ടി. സി. കളും

329 [411] ശ്രീ. എം. ജിനദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഐ. ടി. ഐ. കളും ഐ. ടി. സി. കളും പ്രവർത്തിക്കുന്നുണ്ട് ;

(ബി) പുതുതായി ഐ. ടി. സി. കൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) സംസ്ഥാനത്തെ ഐ. ടി. ഐ. കളിലും ഐ. ടി. സി കളിലും അമിതമായ ഫീസ് ഈടാക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ 22 ഗവ. ഐ. ടി. ഐ. കളും 232 ഐ. ടി. സി. കളും പ്രവർത്തിക്കുന്നുണ്ട്.

(ബി) 1986-87 അദ്ധ്യയന വർഷത്തിൽ പുതുതായി ഐ. ടി. സി. കൾ ആരംഭിക്കുന്നതിനു വേണ്ട നിർദ്ദേശം പരിഗണനയിൽ ഉണ്ട്.

(സി) അമിതമായ ഫീസ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

തോട്ടടയിൽ ഒരു ഇ. എസ്. ഐ. ആശുപത്രി

330 [412] ശ്രീ. എം. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ തോട്ടടയിൽ ഒരു ഇ. എസ്. ഐ. ആശുപത്രി പണിയുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ പ്രവർത്തനം എന്ന് ആരംഭിക്കും ;

(സി) ഈ ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് പൂർത്തിയാക്കുമെന്നു വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly